# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 388

24.08.2017 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളും സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>,, റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>,, സി.എഫ്. തോമസ് | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ്. മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്താൻ സാധിച്ചുവോ; വിശദാംശങ്ങൾ നല്കുമോ; | (എ) സാധിച്ചിട്ടുണ്ട്. സർക്കാർ/അർദ്ധസർക്കാർ/ ബോർഡ്/കമ്പനി/കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത ഒഴിവുകളിലേക്കുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും, അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പുമേധാവികൾ/ചീഫ് എക്സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും സർക്കാർ 2612.2016-ൽ 1046913/ജി2/2016/തൊഴിൽ പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. എംപ്ലോയ്മെന്റ് വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സർക്കാർ / അർദ്ധ സർക്കാർ/ബോർഡ്/കമ്പനി/ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം പരിശോധന |

നടത്തുകയും, നേരിട്ടുള്ള നിയമനങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം അപ്രകാരം നിയമനം നേടിയവരെ പിരിച്ചുവിട്ട് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു വരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ തൊഴിൽ അന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ് വെയർ മുഖേന 3.5.2017 മുതൽ പൊതു ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

| | |
|---|---|
| (ബി) സ്വകാര്യമേഖലയിൽ നിലവിലുള്ള തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ഇതിനോടകം ചെയ്യാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) സ്വകാര്യമേഖലയിൽ നിലവിലുള്ള തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് ചുവടെ പറയുന്ന കാര്യങ്ങൾ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കി വരുന്നുണ്ട്.<br>**<u>എംപ്ലോയബിലിറ്റി സെന്റർ പദ്ധതി.</u>**<br>അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷാ |

പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേന പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ടും ജോബ്ഫെയറുകൾ/ റിക്രൂട്ട്മെന്റ് ഡ്രൈവുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം നേടിയെടുക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.

**<u>മോഡൽ കരിയർ സെന്റർ പദ്ധതികൾ</u>**

തൊഴിലന്വേഷകർക്ക് കരിയർ സേവനങ്ങളും, മാർഗ നിർദ്ദേശങ്ങളും നൽകി വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. തൊഴിലന്വേഷകരുടെ [illegible] അഭിരുചിക്കനുസരിച്ചും, യോഗ്യതയ്ക്കനുസരിച്ചും കഴിവുള്ളതും മികച്ചതുമായ തൊഴിൽദായകരുമായി അവരെ ബന്ധിപ്പിക്കുന്നതിന് ഇതു വഴി

ശ്രമം നടത്തുന്നു. കരിയർ കൺസൽട്ടൻസി, സ്കിൽ ഗാപ് അനാലിസിസ്, നൈപുണ്യ പരിശീലനങ്ങൾ തുടങ്ങിയവ നൽകുകയും, തൊഴിൽ നൈപുണ്യം നേടിയവർക്ക് അർഹമായ ജോലി നേടിയെടുക്കുന്നതിനായി തൊഴിൽ മേളകൾ/ ജോബ് ഡ്രൈവുകൾ സംഘടിപ്പിക്കൽ വഴിയും സ്വകാര്യമേഖലയിലെ തൊഴിലവസരം നേടിയെടുക്കുന്നതിന് മോഡൽ കരിയർ സെന്ററുകൾ പ്രയോജന പ്രദമാകുന്നുണ്ട്.

**നിയുക്തി മെഗാ ജോബ്ഫെയർ**

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കി വരുന്ന വൊക്കേഷണൽ ഗൈഡൻസ് ശാക്തീകരണം പദ്ധതിയുടെ ഭാഗമായി സംസ്ഥാന വ്യാപകമായി മൂന്ന മേഖലകളിലായി എല്ലാ ജില്ലകൾക്കും പ്രാധാന്യം നൽകികൊണ്ട് നിയുക്തി എന്ന പേരിൽ മെഗാ ജോബ്ഫെയറുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരേ വേദിയിൽ കൊണ്ട് വന്ന പരമാവധി തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് മെഗാ ജോബ്ഫെയറുകൾ ലക്ഷ്യം വയ്ക്കുന്നത്.

സെക്ഷൻ ഓഫീസർ